**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 2353**
**23.01.2014- ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം
ശ്രീ. എ.എം. ആരിഫ്

ഉത്തരം
ശ്രീ. കെ.എം. മാണി
(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ 01.04.2013-നു ശേഷം എത്ര ജീവനക്കാർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചുവെന്ന് കാറ്റഗറി തിരിച്ചു വ്യക്തമാക്കുമോ? | പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ 01.04.2013-നു ശേഷം സംസ്ഥാനത്തെ എല്ലാ കാറ്റഗറികളിലുമായി ഏകദേശം പതിനായിരം ജീവനക്കാർ സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. ഇതിന്റെ കാറ്റഗറി (പേറിവിഷൻ പ്രകാരമുള്ള) തിരിച്ചുള്ള ഏകദേശ കണക്കുകൾ ഇതോടൊപ്പം ചേർക്കുന്നു. ഗ്രേഡ് I - 250, ഗ്രേഡ് II എ - 50, ഗ്രേഡ് II ബി - 1600, ഗ്രേഡ് III - 4300, ഗ്രേഡ് IV - 3800 |
| (ബി) | പ്രസ്തുത ജീവനക്കാരിൽ നിന്നും പെൻഷൻ വിഹിതം സ്വീകരിച്ചുതുടങ്ങിയോ; എങ്കിൽ, എന്നുമുതലാണ് സ്വീകരിച്ചിരിക്കുന്നത്? | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. 2014 ഫെബ്രുവരി മാസം മുതലുള്ള ശമ്പളത്തിൽ നിന്നും തുക കുറവ് |
| (സി) | പ്രസ്തുത തുക ഏത് അക്കൗണ്ടിലാണു നിക്ഷേപിച്ചിരിക്കുന്നത്? | |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ 31.12.2013 വരെയുള്ള പെൻഷൻ വിഹിതം എത്ര രൂപയാണെന്നു വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| (ഇ) | സർക്കാർ വിഹിതം എത്ര രൂപയാണ്; പ്രസ്തുത തുക എവിടെയാണു നിക്ഷേപിച്ചിരിക്കുന്നത്? | ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിക്ഷേപം ആരംഭിച്ചതിനു ശേഷം ജീവനക്കാരുടെയും സർക്കാരിന്റെയും കുടിശ്ശിക കണക്കാക്കി അത് പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുന്നതിനുള്ള നടപടി തുടർന്ന് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ